(ബി) ഇവർക്ക് പട്ടയം അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) വർഷങ്ങളായി ഇവിടെ താമസിച്ചു വരുന്നവർക്ക് പട്ടയം ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റും ലഭ്യമാകുന്നില്ല എന്നത് കണക്കിലെടുത്ത് കഴിവതും വേഗത്തിൽ പട്ടയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി.ടി.ആർ. പ്രകാരം ശ്മശാന പുറമ്പോക്ക് ഭൂമിയായതിനാൽ നഗരപാലികാ നിയമപ്രകാരം കരുകുളം നഗരസഭയുടെ അധീനതയിൽ വരുന്നതാകയാൽ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷേപം ചെയ്ത് ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തേണ്ടതുണ്ട്.

(സി&ഡി) പ്രസ്തുത ഭൂമി നഗരസഭയിൽ നിക്ഷിപ്തമായതിനാൽ സർക്കാരിലേക്ക് പുനർനിക്ഷിപിതമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

തളിപ്പറമ്പ് താലൂക്കിലെ ഭൂവുടമസ്ഥർക്ക് നികുതി അടയ്ക്കാൻ കഴിയാത്തതിന്റെ കാരണം

144(4775) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറ്റ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട തളിപ്പറമ്പ് താലൂക്കിലെ മാണിയൂർ അംശം വേശാല ദേശത്ത് താമസക്കാരായ ഭൂവുടമസ്ഥർക്ക് നികുതി (2014-15) യഥാസമയം അടയ്ക്കാൻ കഴിയാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേശത്ത് പുതുതായി നടത്തിയ സർവ്വെ പ്രകാരം പലരുടെയും ഭൂമിയുടെ ഉടമസ്ഥാവകാശം പഴയ ജന്മിമാരിൽ നിക്ഷിപ്തമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റീസർവ്വേയിൽ വന്ന അപാകത പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) 2013-വരെ നികുതി അടച്ചവരിൽ നിന്നു തന്നെ അതത് ഭൂമിയുടെ നികുതി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നികുതി സ്വീകരിക്കാത്തതിനാൽ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥർ ഇപ്പോഴനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റീ-സർവ്വേ സമയത്ത് കൈവശക്കാർക്ക് സ്ഥലത്തിന്റെ ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നാൽ റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വരുന്നു. റീ-സർവ്വേ സമയത്തും തുടർന്നുള്ള വെരിഫിക്കേഷൻ സമയത്തും തുടർന്ന് സർവ്വേ അതിരടയാള നിയമം 9(2) വിജ്ഞാപനത്തെ തുടർന്നുള്ള റീ-സർവ്വേ പരാതികൾ സ്ഥിരീകരിക്കുന്ന സമയത്തും കൈവശക്കാർക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്തുന്നതിന് അവസരം ലഭിച്ചിരുന്നു. എന്നാൽ ടി അവസരങ്ങൾ വിനിയോഗിക്കാതെ വന്ന കൈവശക്കാരുടെ ഭൂനികുതി സ്വീകരിക്കാൻ സാധിക്കാതെ വരുന്നു.

(ബി) ഉണ്ട്; റീ-സർവ്വേ സമയത്തും തുടർന്നുള്ള പരാതി പരിഹാര വേളകളിലും കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നാൽ ടി സ്ഥലത്തിന്റെ പഴയ സർവ്വേ റിക്കാർഡുകൾ പ്രകാരമുള്ള (അടങ്കൽ രജിസ്റ്റർ) ജന്മിയുടെ പേര് റീ-സർവ്വേ റിക്കാർഡുകളിൽ നിലനിറുത്തുന്നു.

(സി) റീ-സർവ്വേ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താത്ത കൈവശക്കാർക്ക് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടുകൂടി തളിപ്പറമ്പ് താലൂക്ക്, എൽ.ആർ.എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നമ്പർ 8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) റീ-സർവ്വേ സമയത്ത് ജന്മാവകാശം തെളിയിക്കുന്ന രേഖകളോടെ റിക്കാർഡുകളിൽ പേര് ഉൾപ്പെടുത്താൻ സാധിക്കാതെ വന്ന കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്. അവർക്ക് അഡീഷണൽ തഹസീൽദാർ മുമ്പാകെ എൽ.ആർ.എം. പ്രകാരം അപേക്ഷ കൊടുത്ത് രേഖകൾ ശരിയാക്കാവുന്നതും അതിനുശേഷം നികുതി ഒടുക്കാവുന്നതുമാണ്.

(ഇ) ഭൂ ഉടമസ്ഥർക്ക് കൈവശസ്ഥലത്തിന്റെ ജന്മാവകാശം തെളിയിക്കുന്ന രേഖകളോടുകൂടി തളിപ്പറമ്പ് താലൂക്ക് എൽ.ആർ.എം. അഡീഷണൽ തഹസീൽദാർക്ക് ഫോം നമ്പർ 8-ൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകി പ്രശ്നപരിഹാരം തേടാവുന്നതാണ്.